# അക്കാദമിക
# മാസ്റ്റർ പ്ലാൻ




**സെന്റ് ഷന്താൾ സ്കൂൾ, കവടിയാർ**

# സ്കൂൾ വിവരങ്ങൾ

| | | | |
|---|---|---|---|
| 1. | റവന്യൂ ജില്ല | : | തിരുവനന്തപുരം |
| 2. | സ്കൂൾ കോഡ് | : | 43325 |
| 3. | സ്കൂളിന്റെ പേര് | : | സെന്റ് ഷന്താൾ സ്കൂൾ, കവടിയാർ |
| 4. | മേൽവിലാസം | : | കവടിയാർ പി.ഒ., തിരുവനന്തപുരം |
| 5. | പിൻകോഡ് | : | 695 003 |
| 6. | ഫോൺ നമ്പർ | : | 0471-2431170, 8281389286 |
| 7. | ഇ-മെയിൽ അഡ്രസ്സ് | : | st.shantal@rediffmail.com |
| 8. | ഗ്രാമപഞ്ചായത്ത് | : | കോർപ്പറേഷൻ |
| 9. | വിദ്യാഭ്യാസ ജില്ല | : | തിരുവനന്തപുരം |
| 10. | സബ്ജില്ല | : | തിരുവനന്തപുരം |
| 11. | ക്ലാസ്സുകൾ | : | 1 മുതൽ 7 വരെ |
| 12. | മാനേജ്മെന്റ് | : | കത്തോലിക്കാ മാനേജ്മെന്റ് |
| 13. | പഠന മാധ്യമം | : | ഇംഗ്ലീഷ് |

# ആമുഖം

തിരുവനന്തപുരം ജില്ലയിലെ കവടിയാർ സ്ക്വയറിന് സമീപമാണ് 1983-ൽ ഡി.എസ്.എഫ്.എസ്. സന്യാസിനികളുടെ നേതൃത്വത്തിൽ ആരംഭിച്ച സെന്റ് ഷന്താൾ സ്കൂൾ കവടിയാർ സ്ഥിതി ചെയ്യുന്നത്. ഒന്നാം ക്ലാസു മുതൽ ഏഴാം ക്ലാസുവരെയുള്ള കുട്ടികൾക്ക് ഗുണമേന്മയുള്ള അടിസ്ഥാന വിദ്യാഭ്യാസം നൽകിക്കൊണ്ടിരിക്കുന്ന ഈ വിദ്യാലയം പ്രദേശത്തെ കുടുംബങ്ങളുടെ വലിയ അഭിമാനമാണ്.

**വിദ്യാഭ്യാസ പ്രവർത്തനങ്ങൾ :**

സ്കൂളിന്റെ തുടക്കം മുതൽതന്നെ വിദ്യാർത്ഥികളുടെ സമഗ്ര വളർച്ച ലക്ഷ്യമാക്കി വിദ്യാഭ്യാസ പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്നു. മലയാളം, ഇംഗ്ലീഷ്, ഗണിതം, ശാസ്ത്രം, സാമൂഹ്യശാസ്ത്രം തുടങ്ങിയ വിഷയങ്ങൾക്കൊപ്പം കലാ കായിക മൂല്യാധിഷ്ഠിത പഠനങ്ങൾക്കും സ്കൂൾ മുൻഗണന നൽകുന്നു. കുട്ടികളുടെ വ്യക്തിത്വ വികാസത്തിനായി വിവിധ സഹപാഠ്യ പരിപാടികളും (സ്പോട്സ്, ആർട്സ്, സി.സി.എ) സംഘടിപ്പിക്കുന്നു.

**സവിശേഷതകൾ :**

സ്കൂൾ സമൂഹത്തിലെ പിന്നോക്ക കുട്ടികൾക്കും പഠനസൗകര്യം ഉറപ്പുവരുത്തുന്നുണ്ട്.

- വിദ്യാർത്ഥികളുടെ മൂല്യബോധവും സാമൂഹിക ഉത്തരവാദിത്വവും വളർത്തുന്നതിന് പ്രത്യേക ശ്രദ്ധ നൽകുന്നു.
- അധ്യാപകരുടെയും സിസ്റ്റേഴ്സിന്റെയും ആത്മാർത്ഥ പരിശ്രമം സ്കൂളിന്റെ വളർച്ചയ്ക്ക് അടിസ്ഥാനം.
- ഓരോ വർഷവും കുട്ടികളുടെ വിജയം മികച്ച രീതിയിൽ മുന്നേറുന്നതായി കാണാം.

**സാമൂഹിക പങ്കാളിത്തം :**

സ്ഥാപിതകാലം മുതൽതന്നെ സ്കൂൾ പ്രദേശവാസികളുമായി ചേർന്ന് നിരവധി വിദ്യാഭ്യാസ സാമൂഹിക പ്രവർത്തനങ്ങൾ നടത്തിവരുന്നു. കലോത്സവം, കായിക മത്സരങ്ങൾ, സാമൂഹിക സേവന പരിപാടികൾ, ദേശീയ ദിനാഘോഷങ്ങൾ എന്നിവ വിദ്യാർത്ഥികളിൽ നേതൃത്വ ഗുണങ്ങളും സഹകരണ മനോഭാവവും വളർത്തുന്നു.

# സെന്റ് ഷാന്തൽ സ്കൂൾ കവടിയാർ ചരിത്രം

സെന്റ് ഷാന്തൽ സ്കൂൾ, കവടിയാർ 1983-ൽ ഡി.എസ്.എഫ്. സന്യാസിനി സമൂഹം സ്ഥാപിച്ച സ്ഥാപനമാണ്. സ്റ്റേറ്റ് അംഗീകാരം ലഭിച്ചിട്ടുള്ള സന്യാസിനി സമൂഹത്തിന്റെ നടത്തിപ്പിൽ പ്രവർത്തിക്കുന്ന ഒരു അൺ എയ്ഡഡ് സ്കൂൾ ആണിത്. ആദ്യകാലത്ത് ഒന്നാം ക്ലാസ്സ് മുതൽ നാലാം ക്ലാസ്സ് വരെ പ്രവർത്തിക്കാൻ അനുമതി ലഭിച്ചിരുന്നുവെങ്കിൽ, 2015 മെയ് മാസത്തിൽ ഏഴാം ക്ലാസ് വരെയും സ്റ്റേറ്റിന്റെ അംഗീകാരം ലഭിച്ചു. സ്ഥാപനത്തിന്റെ പ്രാരംഭകാലത്ത് സ്കൂളിൽ ആയിരത്തിലേറെ കുട്ടികൾ പഠിച്ചുവരികയായിരുന്നു. എന്നാൽ സമീപ പ്രദേശങ്ങളിൽ നിരവധി സ്കൂളുകൾ ആരംഭിച്ചതും വീടുകളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞതുമൂലം വർഷങ്ങളായി വിദ്യാർത്ഥികളുടെ എണ്ണം ക്രമേണ കുറഞ്ഞു.

അതേസമയം, പഠനരംഗത്തും കലാ-കായിക രംഗത്തും സെന്റ് ഷാന്തൽ സ്കൂൾ നിരന്തരം മികച്ച വിജയം കൈവരിച്ച് മുന്നേറിക്കൊണ്ടിരിക്കുന്നു. പഠനത്തിനൊപ്പം കുട്ടികളുടെ കഴിവുകൾ വളർത്തുന്നതിനുവേണ്ടി സ്കൂളിൽ ചെസ്, കരാട്ടെ, യോഗ, ബാൻഡ് സെറ്റ്, ആർട്ട് ക്ലാസ് എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകുകയും വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

തിരുവനന്തപുരം കോർപ്പറേഷന്റെ പരിധിക്കുള്ളിൽ, നഗരത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്നതിനാൽ, സ്ഥലപരിമിതിമൂലം കുട്ടികൾക്ക് കളിസ്ഥലം കുറവാണ്. എന്നിരുന്നാലും സ്കൂൾ കഴിഞ്ഞുള്ള സമയങ്ങളിൽ ബാഡ്മിന്റൺ, ബാസ്ക്കറ്റ് ബോൾ എന്നിവയിൽ പ്രത്യേക പരിശീലന സൗകര്യവും ഒരുക്കിയിട്ടുണ്ട്.

വിദ്യാർത്ഥികൾ വിവിധ തലങ്ങളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചുവരുന്നു. 2024-25 അധ്യയന വർഷത്തിലെ സുഗമ ഹിന്ദി പരീക്ഷയിൽ മൂന്നാം ക്ലാസ് വിദ്യാർത്ഥിയായ കശ്യപ് എസ്.ആർ. സംസ്ഥാനതലത്തിൽ രണ്ടാംസ്ഥാനം നേടി സ്കൂളിന് അഭിമാനമായി. അതുപോലെ, അഞ്ചാം ക്ലാസ് വിദ്യാർത്ഥി ദേവജ് ഡി. 2024-25 ലെ ജില്ലാതല ജൂഡോ മത്സരത്തിൽ ചാമ്പ്യൻഷിപ്പ് നേടി.

ഇങ്ങനെയാണ് സെന്റ് ഷാന്തൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ, കവടിയാർ, പഠനവും പാഠ്യേതര രംഗങ്ങളും ഒരുപോലെ വികസിപ്പിച്ച് വർഷംതോറും മുന്നോട്ടു സഞ്ചരിക്കുന്നത്.

# യു.പി. വിഭാഗം

## അക്കാദമികം

***നേട്ടങ്ങൾ :***

സെന്റ് ഷന്താൾ സ്കൂൾ കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ആവശ്യമായ പ്രത്യേക പരിശീലനം നൽകി കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നത് വിജയ തിളക്കത്തിലേക്കു നയിക്കുന്നു. പ്രവർത്തനങ്ങളിലൂടെ പഠിക്കാനുതകുന്ന രീതിയിൽ ആസൂത്രണം നടത്തുന്നു.

ജീവശാസ്ത്ര ക്ലബ്ബ്, ഭാഷാ ക്ലബ്ബ്, ഗണിത ശാസ്ത്ര ക്ലബ്ബ്, ജീവകാരുണ്യ ക്ലബ്ബ്, പൊതുവിജ്ഞാന ക്ലബ്ബ് എന്നീ ക്ലബ്ബുകളിൽ കുട്ടികൾ ആവേശത്തോടെ പങ്കെടുക്കുന്നു. അതോടൊപ്പംതന്നെ ബാന്റ്സെറ്റിലും കുട്ടികൾ പങ്കെടുക്കുന്നു.

ഏഴാം ക്ലാസിലെ കുട്ടികൾ അവരുടെ ഉന്നത വിദ്യാഭ്യാസത്തിനായി നഗരത്തിലെ പ്രശസ്ത സ്കൂളുകളിലേയ്ക്ക് പ്രവേശനം ലഭിച്ച് വിദ്യാഭ്യാസം നടത്തി വരുന്നു. വിവിധ സ്കോളർഷിപ്പ് പരീക്ഷകളിൽ കുട്ടികൾ പങ്കെടുക്കുകയും മികച്ച വിജയം കരസ്ഥമാക്കുകയും ചെയ്തു.

## അക്കാദമികം

***പരിമിതികൾ :***

ഗുണമേന്മയും മൂല്യാധിഷ്ഠിതവുമായ വിദ്യാഭ്യാസം നൽകുമ്പോഴും കുട്ടികൾക്ക് കായികാഭ്യാസത്തിനുള്ള ഒരു കളിസ്ഥലം ഇല്ലാത്തത് പരിമിതി തന്നെയാണ്. അതുപോലെ കുട്ടികൾക്ക് ഒരുമിച്ചുകൂടാൻ ഒരു ആഡിറ്റോറിയം ഇല്ലാത്തതും ഇതിൽപ്പെടുന്നു.

## ഭൗതികം

***നേട്ടങ്ങൾ :***

നിലവിൽ 11 ക്ലാസ് മുറികൾ ടൈൽ പാകി മോടി പിടിപ്പിച്ചതാണ്. ഇതിൽ 5 ക്ലാസ് മുറികൾ പ്രൊജക്ടർ സംവിധാനമുള്ളതാണ്. കുട്ടികളിൽ വായനാശീലം വളർത്തുന്നതിനായി ലൈബ്രറി പ്രത്യേകമായി തന്നെ ഒരുക്കിയിട്ടുണ്ട്. നോവലുകൾ, ജീവചരിത്രം, കവിതകൾ, ചെറുകഥകൾ തുടങ്ങി ആയിരത്തിൽപരം പുസ്തകങ്ങൾ ഉണ്ട്. മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിലുള്ള പുസ്തകങ്ങളുടെ വൻശേഖരം തന്നെ ഉണ്ട് എന്നത് സ്കൂളിന്റെ നേട്ടമാണ്.

കുട്ടികൾക്ക് ശാരീരികമായി ഉണ്ടാകുന്ന അവശതകൾ മനസ്സിലാക്കി അവർക്ക് വിശ്രമിക്കുന്നതിനായി ഒരു മുറി പ്രത്യേകമായി തയ്യാറാക്കിയിരിക്കുന്നു. കുട്ടികൾക്ക് എല്ലാം കണ്ട് മനസ്സിലാക്കാനും എക്സ്പിരിമെന്റ് ചെയ്യുന്നതിനും ഉള്ള ലാബുകൾ പ്രത്യേകം ഒരുക്കാൻ കഴിഞ്ഞു.

13 കമ്പ്യൂട്ടറുകൾ നിരയായി ക്രമീകരിച്ച ഐ.ടി. ലാബും സ്കൂളിന്റെ നേട്ടം തന്നെയാണ്.

## ഭൗതികം

***പരിമിതികൾ :***

സെന്റ് ഷന്താൾ സ്കൂൾ നഗരത്തിലെ ഹൃദയ ഭാഗത്ത് സ്ഥിതി ചെയ്യുന്നതിനാൽ കുട്ടികൾക്ക് കായികാഭ്യാസത്തിനാവശ്യമായ കളിസ്ഥലം ഇല്ല. കുട്ടികളുമായി വരുന്ന മാതാപിതാക്കളുടെ വാഹനങ്ങൾ പാർക്ക് ചെയ്യാനുള്ള സ്ഥലപരിമിതിയും സ്കൂൾ നേരിടുന്ന വെല്ലുവിളിയാണ്.

## സാമൂഹികം

***നേട്ടങ്ങൾ :***

സ്കൂളിലെ വൈവിധ്യമാർന്ന സന്നദ്ധ സംഘടനകളുടെ പ്രവർത്തനം സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കുന്നു. അതുപോലെ സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നു. സാമൂഹ്യ ശുചിത്വം, ട്രാഫിക് നിയന്ത്രണം, വൃക്ഷ തൈകൾ വച്ച് പിടിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഏറെ മാതൃകാപരമായി നടത്തുകയും സമൂഹത്തിന്റെ അംഗീകാരം പിടിച്ചുപറ്റിയവയുമാണ്.

***പരിമിതികൾ :***

പ്രവർത്തനങ്ങളുടെ ബാഹുല്യംകൊണ്ടും പഠനസമയം കൂടുതൽ നഷ്ടപ്പെടുന്നതിനാലും പഠന സമയത്തുള്ള ചില പ്രവർത്തനങ്ങളെങ്കിലും ഏറ്റെടുക്കാനുള്ള പരിമിതി ഉണ്ട്.

# അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

## വികസന ലക്ഷ്യങ്ങൾ :

1. ഭാഷാശേഷി വികസനം
2. ഗണിതശേഷി വികസനം
3. ഇംഗ്ലീഷ് പഠനം - അനായാസകരമാക്കൽ
4. വായനാശേഷി വർദ്ധിപ്പിക്കൽ
5. ശാസ്ത്രപോഷണ പരിപാടി
6. ലബോറട്ടറി നവീകരണം - ശാസ്ത്രം, ഗണിതം & SS
7. പ്രതിഭാപോഷണ പരിപാടി
8. ലൈബ്രറി ശാക്തീകരണം
9. ജൈവ വൈവിധ്യ പാർക്ക് ഒരുക്കൽ
10. സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
11. പഠന യാത്രകൾ
12. സ്കൂൾ പത്രം, മാസിക
13. അധ്യാപക ശാക്തീകരണം - സ്കൂൾ SRG തലം
14. പ്രവൃത്തി പരിചയ പരിശീലനം
15. കലാപരിപോഷണം
16. പച്ചക്കറിത്തോട്ടം
17. സാഹിത്യ ശില്പശാലകൾ
18. മെഡിക്കൽ ക്യാമ്പുകൾ
19. രക്തഗ്രൂപ്പ് നിർണ്ണയം
20. ലഘുഭക്ഷണം കാര്യക്ഷമമായി പഠനത്തിന് സജ്ജമാക്കൽ
21. സ്കൂൾ ബ്ലോഗ് കാര്യക്ഷമമാക്കൽ
22. ഭാഷാ ലാബ്

23. ദിനാചരണങ്ങൾ - ശക്തിപ്പെടുത്തൽ
24. ഗവേഷണാത്മക പഠനം
25. കായികശേഷി വികസനം
26. വിലയിരുത്തൽ കാര്യക്ഷമമാക്കൽ
27. ചോദ്യപേപ്പർ ശില്പശാല
28. ഐ.ടി. പഠനം - കാര്യക്ഷമമാക്കൽ
29. ജന്മദിന പുസ്തകം
30. ചിത്രരചനാ ക്യാമ്പ്
31. ശാസ്ത്ര, ഗണിതശാസ്ത്ര, SS, IT, പ്രവൃത്തി പരിചയ മേളകൾ
32. ക്ലാസ് പി.ടി.എ. കാര്യക്ഷമമാക്കൽ

# പ്രവർത്തനം - വിശദാംശങ്ങൾ

| ഉപമേഖല - ഇംഗ്ലീഷ് ഭാഷാ പഠനം<br>പ്രവർത്തനം1 - ഭാഷാശേഷി വികസനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| എല്ലാ കുട്ടികൾക്കും നന്നായി ഇംഗ്ലീഷ് വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസനം | ● ഇംഗ്ലീഷ് തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ.<br>● ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം (പ്രസംഗം, സെമിനാർ തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.<br>● ആഴ്ചയിൽ രണ്ടുദിവസം ഇംഗ്ലീഷ് അസംബ്ലി മാറി മാറി ഓരോ ക്ലാസിനും ചുമതല. | എല്ലാ ക്ലാസ്സും<br>രണ്ട് ആഴ്ചയിൽ ഒരു ദിവസം ഒരു വർഷത്തേക്ക്<br>ആഴ്ചയിൽ രണ്ടു ദിവസം | ബന്ധപ്പെട്ട ടീച്ചർ<br>“ | സ്കൂൾ മാനേജ്മെന്റ് |
| വായന പരിപോഷിപ്പിക്കൽ | സ്കൂൾ ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചിരിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | | |

| ഉപമേഖല - മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1) എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം. | അക്ഷരം, ചിഹ്നം എന്നിവ ഉറപ്പിക്കൽ പദ നിർമ്മാണം, വാക്യ നിർമ്മാണം വായനയ്ക്ക് പ്രാധാന്യം. | ഒരു വർഷക്കാലം | മലയാളം ടീച്ചർ | സ്കൂൾ മാനേജ്മെന്റ് |
| 2) വായന പരിപോഷിപ്പിക്കൽ | ക്ലാസ് നിലവാരത്തിന നുസരിച്ചുള്ള പുസ്തകങ്ങൾ ലഭ്യമാക്കൽ.<br>● പത്രവായന<br>● വായനയുടെ പ്രാധാന്യത്തെ ലക്ഷ്യമാക്കി ലൈബ്രറി സജ്ജമാക്കിയിരി ക്കുന്നു. | ഒരു വർഷം | | |
| 3) പത്ര വായന പരിപോഷിപ്പിക്കൽ | ● ഓരോ ക്ലാസിനും ഓരോ പത്രം | ദിവസേന | | |
| 4) പത്രവായന പരിപോഷിപ്പിക്കുക | പത്രവായന പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ.<br>ഓരോ ക്ലാസിനും ഓരോ പത്രം.<br>രാവിലെ പ്രധാന പത്ര വാർത്തകളുടെ അവതരണം പത്ര ക്വിസ് | 3 മാസം<br>ദിവസേന<br>ആഴ്ചയിൽ ഒരു ദിവസം | വിദ്യാരംഗം ഇൻ ചാർജ്ജ്<br>ഇംഗ്ലീഷ് അധ്യാപകർ | അഭ്യുദയ-കാംക്ഷി<br>സ്കൂൾ മാനേജ്മെന്റ് |

| | | | | |
|---|---|---|---|---|
| 5) സർഗ്ഗശേഷി വികസനം | വായനാനുഭവം പങ്കുവയ്ക്കൽ സാഹിത്യ ക്വിസ് രചനാ ശില്പശാല (കവിത, കഥ)<br><br>കവിതാലാപന മത്സരം.<br>ക്ലാസ്തല, സ്കൂൾതല പത്രം പ്രസിദ്ധീകരിക്കൽ | വർഷത്തിൽ1 തവണ<br><br>മാസത്തിൽ1 തവണ<br><br>മാസത്തിൽ1 തവണ<br>6 മാസത്തിൽ ഒരിക്കൽ | വിദ്യാരംഗം<br><br>വിദ്യാരംഗം SRG | |

| ഉപമേഖല -സാമൂഹ്യശാസ്ത്ര ബുള്ളറ്റിൻ ബോർഡ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഏജൻസി/ സാമ്പത്തിക |
| സാമൂഹ്യ ശാസ്ത്ര നൂതന അറിവുകൾ കണ്ടെത്തലുകൾ പ്രദർശനം. | എല്ലാ കുട്ടികൾക്കും കാണാനും വായിക്കാനും ഉതകുന്ന രീതിയിൽ SS കോർണറിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ഒട്ടിക്കൽ. | എല്ലാ ദിവസവും ഒരു വർഷം. | SS ക്ലബ്ബ് | |

| ഉപമേഖല - പഠനയാത്രകൾ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഏജൻസി/ സാമ്പത്തിക |
| പഠനയാത്രകളിലൂടെ ചരിത്ര സ്മാരകങ്ങൾ, മ്യൂസിയങ്ങൾ, ചുമർ ചിത്രങ്ങൾ, ക്ഷേത്ര കലകൾ, കോട്ടകൾ തുടങ്ങിയവയെ ക്കുറിച്ച് കൂടുതൽ മനസ്സിലാക്കൽ. | സാമൂഹ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ, ചരിത്ര സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ. | വർഷത്തിൽ 1 തവണ. | SS ടീച്ചേഴ്സ് | PTA |

| ഉപമേഖല - ദിനാചരണങ്ങൾ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
| വിവിധ ശേഷികളുടെ വികസനം. | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠനപ്രവർത്തനമായി സംഘടിപ്പിക്കൽ. | ജൂൺ-മാർച്ച് | SRG. | |

| ഉപമേഖല - സോഷ്യൽ സയൻസ് - മോക്ക് പാർലിമെന്റ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ. | പ്രകടന പത്രിക, പ്രചാരണം, മീറ്റ് കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരണം. | വർഷത്തിൽ ഒരു തവണ | സോഷ്യൽ സയൻസ് ടീച്ചേഴ്സ് | |

| ഉപമേഖല - സാമൂഹ്യശാസ്ത്രം ലൈബ്രറി കോർണർ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
| സാമൂഹ്യ ശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ. | അധിക വായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ അറ്റ്ലസുകൾ തുടങ്ങിയവ ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവയിൽ പ്രദർശിപ്പിക്കൽ തുടർന്ന് ക്ലാസ് ലൈബ്രറിയിൽ വിതരണം. | വർഷത്തിൽ 1 തവണ<br>ആഴ്ചയിൽ 1 തവണ. | സോഷ്യൽ സയൻസ് ടീച്ചേഴ്സ് | |

| ഉപമേഖല - ആരോഗ്യമുള്ള ശരീരം, മനസ്സ് രൂപപ്പെടുത്തൽ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഏജൻസി/ സാമ്പത്തിക |
| ആരോഗ്യമുള്ള മനസ്സ് രൂപപ്പെടുത്തൽ, വിദ്യാഭ്യാസം ഫലപ്രദമാക്കൽ | ചെസ്സ്, യോഗ തുടങ്ങിയവയിൽ പരിശീലനം. ബാസ്ക്കറ്റ് ബോൾ, ബാറ്റ്മിന്റൻ പരിശീലനം | ആഴ്ചയിൽ 1 ദിവസം ആഴ്ചയിൽ പ്രവർത്തി ദിനങ്ങളിൽ 3.45 to 4.45 വരെ | CCA അധ്യാപകർ കായി കാധ്യാപിക | സ്കൂൾ മാനേജ്മെന്റ് |

## മേഖല - അക്കാദമികം - സാമൂഹികം
## ഉപമേഖല : CPTA ശക്തിപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| CPTA ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കൾക്കും കുട്ടികളുടെ മികവ്, പോരായ്മകൾ എന്നിവ തിരിച്ചറിയാനും മുന്നോട്ടെത്തി ക്കുന്നതിൽ സഹകരണം ഉറപ്പുവരുത്തലും. | CPTA യോഗം കാര്യക്ഷമമായി നടത്തൽ, കുട്ടികളുടെ പഠന നേട്ടങ്ങൾ, പഠന തെളിവുകൾ, എത്താതെ പോയ പഠനനേട്ടം തുടങ്ങിയവയുടെ അവതരണം CPTA യിൽ. | 1 വർഷത്തിൽ 3 മാസത്തിൽ ഒരിക്കൽ | SRG ക്ലാസ് ടീച്ചർ | |

## ഉപമേഖല - സ്കോളർഷിപ്പ് പരീക്ഷ പരിശീലനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരമാവധി കുട്ടികൾക്ക് വിവിധ സ്കോളർഷിപ്പുകൾ മത്സര പരീക്ഷയിലൂടെ ലഭ്യമാക്കൽ | DCL, PCM ഉൾപ്പെടെയുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്ക് ചിട്ടയായ പരിശീലനത്തിലൂടെ ജില്ലയിൽതന്നെ ഏറ്റവും കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് ഉറപ്പുവരുത്തൽ. | 1 വർഷത്തിൽ 3 മാസം | സോഷ്യൽ സയൻസ് ടീച്ചർ | |

| ഉപമേഖല - ശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ. | 1. ശാസ്ത്ര തത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളി ലൂടെയുള്ള കുട്ടികളുടെ അവതരണം പരീക്ഷണക്കളരി - പരീക്ഷണങ്ങൾ പൊതു സമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ.<br>2. സ്കൂൾതല സയൻസ് എക്സിബിഷൻ<br>3. ഗവേഷണാത്മകപ്രോജക്ട് ഏറ്റെടുത്തുള്ള പഠനം സർവ്വെ, അഭിമുഖം, നിരീക്ഷണം | വർഷത്തിൽ 1 തവണ<br>വർഷത്തിൽ 1 തവണ<br>ആവശ്യമുള്ള സന്ദർഭ ങ്ങളിൽ | സയൻസ് ക്ലബ്ബ്<br>സയൻസ് ക്ലബ്ബ്<br>സയൻസ് ക്ലബ്ബ് | സ്കൂൾ മാനേജ്മെന്റ്<br>സ്കൂൾ മാനേജ്മെന്റ് |
| 2. ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കൽ. | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ. | 1. വർഷത്തിൽ 3 മാസം | സയൻസ് ക്ലബ്ബ് | സ്കൂൾ മാനേജ്മെന്റ് |
| 3. സംയുക്ത ലാബ് സാമൂഹ്യ ശാസ്ത്രം, ഗണിതം, ലാബുകൾ. സംയുക്ത ലാബിന്റെ കാലാനുസൃതമായി നവീകരിക്കൽ. | ഫിസിക്സ്, കെമിസ്ട്രി, ബജോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ. | ജനുവരി മുതൽ 1 മാസം. | വിഷയാധി ഷ്ഠിത ടീച്ചേഴ്സ് | |

| ഉപമേഖല : ഇതര പ്രവർത്തനങ്ങൾ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ഉപയോഗ പ്പെടുത്തൽ. | സ്കൂൾ കെട്ടിടത്തിന് മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് സ്കൂളിനാവശ്യമുള്ള വൈദ്യുതി ലഭ്യമാക്കൽ. | 1 വർഷം | പി.ടി.എ | 4,00,000 |
| 2. പഠന പിന്നോക്കാവ സ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ-കുട്ടി, കുട്ടി-കുട്ടി എന്നിങ്ങനെ 2 തലത്തിൽ പരിശീലനം. | ആഴ്ചയിൽ 2 ദിവസം | SRG സയൻസ് ടീച്ചർ | |
| 3. ശാസ്ത്ര മാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്ര മാസിക, ശാസ്ത്ര പതിപ്പ് എന്നിവ തയ്യാറാക്കൽ | 6 മാസത്തിൽ ഒരിക്കൽ | SRG സയൻസ് ടീച്ചേഴ്സ് | |
| 4. ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കൽ സമഗ്രതയിൽ ചേർക്കൽ | തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിച്ച് ചോദ്യശേഖരം തയ്യാറാക്കൽ - ചോദ്യപേപ്പർ സമഗ്രയിൽ അപ്ലോഡ് ചെയ്യൽ. | 2 മാസത്തിൽ ഒരിക്കൽ | സയൻസ് ടീച്ചേഴ്സ് | |
| മോഡൽ നിർമ്മാണം | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ നിർമ്മിക്കൽ | 1 മാസം | സയൻസ് ടീച്ചേഴ്സ് | സ്കൂൾ മാനേജ്മെന്റ് |

| ഉപമേഖല - പരിസ്ഥിതി സംരക്ഷണം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1. സ്കൂൾ തോട്ടം വിപുലപ്പെടുത്തൽ | ഔഷധ സസ്യങ്ങളെയും ഔഷധ സസ്യങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിനും ഔഷധത്തോട്ടം വിപുലപ്പെടുത്തൽ എല്ലാ സസ്യങ്ങൾക്കും നാമകരണം | 3 മാസം | ഇക്കോ ക്ലബ്ബ് | സയൻസ് ക്ലബ്ബ് |
| 2. ജൈവ വൈവിധ്യ രജിസ്റ്റർ പഠനത്തിന് ഉപയോഗപ്പെടുത്തൽ | ജൈവ വൈവിധ്യ രജിസ്റ്റർ ശാസ്ത്ര പഠനത്തിന് ഉപയോഗപ്പെടുത്തി നേർ അനുഭവം ഉറപ്പുവരുത്തൽ | 3 മാസം | | |
| 3. നാട്ടുമാവ് സംരക്ഷണം | സ്കൂൾ മുറ്റത്തെ നാട്ടുമാവുകൾക്ക് പൂർണ്ണ സംരക്ഷണമൊരുക്കൽ | എല്ലാ ദിവസവും | ഇക്കോ ക്ലബ്ബ് | |

| ഉപമേഖല - ഗണിതം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1. ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | 1. ഗണിത ലാബ് പ്രത്യേകമായി സജ്ജീകരിക്കുകയും കുട്ടികൾക്ക് ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കുകയും ചെയ്യുക.<br>2. ജാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് ഗണിതപാർക്ക് സജ്ജീകരിക്കൽ. | ലാബ് സജ്ജീ കരണം- അവധിക്കാ ലത്ത്<br>ജൂൺ- ജൂലൈ | ഗണിത ടീച്ചർ<br>ഗണിത ടീച്ചർ | സ്കൂൾ മാനേജ്മെന്റ് |
| 2. ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | 1. വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു.<br>2. ക്ലാസിലെ കണക്കിൽ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി അടിസ്ഥാന ഗണിതാശയങ്ങൾ ഉറപ്പിക്കൽ | ജൂൺ 1 മാസം<br>ജൂൺ 1 മാസം | ഗണിത ടീച്ചർ<br>ഗണിത ടീച്ചർ | സ്കൂൾ മാനേജ്മെന്റ് |
| 3. ഗണിത ക്ലിനിക്ക് | ഏറ്റവും മികച്ച വിദ്യാർത്ഥികളെയും അധ്യാപകരെയും ഉപയോഗപ്പെടുത്തി ഗണിത ക്ലിനിക്ക് | 1 വർഷം | ഗണിത ടീച്ചർ<br>ഗണിത ക്ലബ്ബ് | |

## ഉപമേഖല : ഹൈടെക് ക്ലാസ് മുറികൾ

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| സ്കൂളിൽ ഹൈടെക് ആക്കാൻ ബാക്കിയുള്ള റൂമുകൾ ഹൈടെക് ആക്കൽ | പൂർവ്വ വിദ്യാർത്ഥികൾ ജനപ്രതിനിധികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹകരണത്തോടെ ബാക്കിയുള്ള ക്ലാസ് മുറികൾ ഹൈടെക്ക് ആക്കുന്ന പ്രവർത്തനം. | പി.ടി.എ. | 6 മാസം | സ്കൂൾ മാനേജ്മെന്റ് പൂർവ്വ വിദ്യാർ ത്ഥികൾ |

## ഉപമേഖല : കൗൺസിലിംഗ്

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|
| വിവിധ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിലിംഗ് നൽകൽ. നല്ല വ്യക്തിത്വമു ള്ളവരാക്കൽ. | ● ആത്മവിശ്വാസം, ധൈര്യം ഇവ വർദ്ധിപ്പിച്ച് കുട്ടികൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ.<br>● ഗൃഹസന്ദർശനം, അഭിമുഖം, നിരീക്ഷണം, പ്രശ്ന പരിഹാരം തുടങ്ങിയ വിവിധ മാർഗ്ഗങ്ങൾ അവലംബിച്ച് കൗൺസലിംഗ് ഫലപ്രദമാക്കൽ.<br>വ്യക്തിഗത കൗൺസിലിംഗ്, ഗ്രൂപ്പ് കൗൺസിലിംഗ് | കൗൺസിലിംഗ് ടീച്ചർ | ജൂണിൽ തുടങ്ങി എല്ലാ ദിവസവും | സ്കൂൾ മാനേജ്മെന്റ് |

## കായിക വിദ്യാഭ്യാസം

| | | | | |
|---|---|---|---|---|
| ● കുട്ടികളുടെ കായികശേഷി വർദ്ധിപ്പിച്ച് മികവിലെത്തിക്കുക. | ● കുട്ടികളുടെ കഴിവുകൾ പരിഗണിച്ച് താൽപര്യമുള്ള മേഖലകളിൽ പരിശീലനം നൽകി കൂടുതൽ മികവിലെത്തിക്കൽ<br>● ബാസ്ക്കറ്റ് ബോൾ, ബാഡ്മിന്റൺ പരിശീലനം. | 1 വർഷക്കാലം | കായികാ ധ്യാപകൻ | സ്കൂൾ മാനേജ്മെന്റ് |

## ഉപമേഖല : ഹിന്ദി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
|---|---|---|---|---|
| ● എല്ലാ കുട്ടികൾക്കും മാതൃഭാഷ കൈകാര്യം ചെയ്യുന്നതുപോലെ തന്നെ ഹിന്ദിയിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉണ്ടാക്കുക. | ● ആഴ്ചയിൽ ഒരു ദിവസം ഹിന്ദി ഭാഷയിൽ അസംബ്ലി നടത്തുക. ഹിന്ദിയിൽ ചെറിയ വിഷയങ്ങൾ എഴുതാനുള്ള കഴിവ് ഉണ്ടാക്കുക. | ആവശ്യമനുസരിച്ച് | ഹിന്ദി ടീച്ചർ | |

## ഉപമേഖല : കലാപരിപോഷണം

| | | | | |
|---|---|---|---|---|
| ● കുട്ടികളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുക | ● കുട്ടികളിൽ ഒളിഞ്ഞിരിക്കുന്ന സർഗ്ഗ വാസനകളെ കണ്ടെത്തി അവ പരിപോഷിപ്പിക്കുകയും ചെയ്യുക.<br>● സംഗീതം, നൃത്തം, അഭിനയം, കഥാരചന, കവിതാലാപനം, കവിതാരചന, പ്രസംഗം, ഉപകരണസംഗീതം തുടങ്ങി വ്യത്യസ്തങ്ങളായ കഴിവുകളുള്ളവരെ കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കുകയും പരിശീലനം നൽകുകയും ചെയ്യുന്നു. | കലാധ്യാപകർ | | |

# ഉപസംഹാരം

വിദ്യാഭ്യാസ രംഗത്ത് അഭിമാനകരമായൊരു സ്ഥാനം സ്വന്തമാക്കിയിരിക്കുന്നു സെന്റ് ഷന്താൾ സ്കൂൾ, കവടിയാർ. ഡി.എസ്.എഫ്.എസ്. സന്യാസിനിമാരുടെ സമർപ്പിതമായ നേതൃത്വവും അധ്യാപകരുടെ ആത്മാർത്ഥമായ സേവനവും വിദ്യാർത്ഥികളുടെ ഉജ്ജ്വലമായ പങ്കാളിത്തവും കൂടിച്ചേർന്നതാണ് സ്കൂളിന്റെ വളർച്ചയ്ക്ക് പിന്നിലെ ശക്തി.

പാഠഭാഗങ്ങളിൽ മാത്രമല്ല, കല, കായികം, സാമൂഹിക പ്രവർത്തനം എന്നിവയിലും വിദ്യാർത്ഥികളെ മുന്നോട്ടുകൊണ്ടുപോകുന്നതിലൂടെ സമഗ്രമായ വിദ്യാഭ്യാസമാണ് സ്കൂൾ നൽകുന്നത്. വിദ്യാർത്ഥികളുടെ കഴിവുകൾ തിരിച്ചറിയുകയും അവരെ ആത്മവിശ്വാസത്തോടെ ഭാവി ജീവിതത്തിലേക്ക് തയ്യാറാക്കുകയും ചെയ്യുന്നതിൽ സ്കൂളിന്റെ പങ്ക് ഏറെ പ്രശംസനീയമാണ്.

സമൂഹത്തിന് മാതൃകയാകുന്ന ഉത്തരവാദിത്തമുള്ള പൗരന്മാരെ വളർത്തുന്നതിന്റെ മഹത്തായ ദൗത്യവുമായി മുന്നേറുന്ന ഈ സ്ഥാപനം ഇന്നും നാളെയും വിദ്യാഭ്യാസരംഗത്തെ പ്രകാശദീപമായി നിലകൊള്ളട്ടെ എന്നതാണ് എല്ലാവരുടേയും ആശംസ.